Proceedings

of

THE TRAVANCORE LEGISLATIVE ASSEMBLY

FIRST ASSEMBLY.

FIRST SESSION 1948/1123.

Thursday the 3rd June 1948/21st Idavam 1123

The Travancore Legislative Assembly met again in the Legislative Chamber, Public Offices, at eleven of the clock on Thursday, the 3rd June 1948/21st Idavom 1123, the President (The Honourable Mr. A. J. John) in the Chair.

ഉപചോദ്യോത്തരങ്ങൾ.

MR. PRESIDENT : ചോദ്യങ്ങൾ ചോദിക്കുന്നതിന് മുൻപായി എനിക്കൊരു പ്രസ്താവന ചെയ്യാനുണ്ട്.

ഉപചോദ്യങ്ങൾ ചോദിക്കുന്നതുസംബന്ധിച്ച് ഇന്നലെ ഞാൻ പറഞ്ഞതു റൂൾ ൪൭ അനുസരിച്ച് ഏതെങ്കിലും അംഗത്തിനു ഉപചോദ്യം ചോദിക്കാം എന്നായിരുന്നു. അതു റൂളിലെ വ്യവസ്ഥയനുസരിച്ചാണ്, എന്നാൽ ഇൻഡ്യൻ സെൻട്രൽ അസംബ്ലിയിലും ഈ റൂൾതന്നെയാണെങ്കിലും, ഉപചോദ്യം ആദ്യം ചോദിക്കുന്നതിന് ചോദ്യകർത്താവിനെത്തന്നെ അനുവദിക്കുകയാണ് അവിടത്തെ പതിവ്. ആ പതിവു കുറച്ചുകൂടി സ്വീകാര്യമായി എനിക്കും തോന്നുന്നു. അതിനാൽ ഉപചോദ്യം ചോദിക്കുന്നതിനുള്ള ആദ്യത്തെ അവസരം ചോദ്യകർത്താവിനുതന്നെയാണെന്നുള്ളതു്. (ഇൻഡ്യൻ റൂളിംഗ് പേജ് ൨൫൨)

"During question time on the 27th Feb. 1939 a member rose to put a supplementary question along with the questioner when the President pointed out—"Honorable members must bear in mind that it is only proper to give the questioner the first opportunity to put his supplementary question".

൪൭-ാംറൂൾ അനുസരിച്ച് ഒരു ഉപചോദ്യംമാത്രമേ ചോദിക്കാവൂ എന്നുണ്ടെങ്കിലും മുൻപതിവനുസരിച്ച ഉപചോദ്യങ്ങൾ ചോദിക്കാമെന്ന് ഞാൻ ഇന്നലെ റൂൾചെയ്തു. എന്നാൽ ഉപചോദ്യങ്ങൾ ചോദിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. President]

തിന് ഒരു നിയന്ത്രണം വയ്ക്കേണ്ടതു് ആവശ്യമെന്ന് ഇന്നലത്തെ നടപടികളിൽനിന്നും മനസ്സിലാക്കുന്നു. ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും ക്രമി അല്ലാത്ത ഒരു മണിക്കൂർ മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂ. ഇന്നലെ ഉത്തരം പറയുന്നതിനായി 40 ചോദ്യങ്ങൾമാത്രം ഉണ്ടായിരുന്നിട്ടും ഉപചോദ്യങ്ങളുടെ ബാഹുല്യംകൊണ്ടു് ഈ ചോദ്യങ്ങൾക്കുമാത്രമേ വാക്കുമൂലമായ ഉത്തരം പറയാൻ സാധിച്ചുള്ളൂ. സാധാരണഗതിയിൽ ഒരു മണിക്കൂറിൽ 20, 25 ചോദ്യങ്ങളും അവയുടെ ഉപചോദ്യങ്ങളും നടക്കുന്നതാണ്. അതിനാൽ ഉപചോദ്യങ്ങൾ ചോദിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട മെംബറന്മാർ ഒരു നിയന്ത്രണം അടിച്ചേൽപ്പിക്കേണ്ടതാണെന്നും, ഏറ്റവും അത്യാവശ്യമാണെന്നു കാണുന്ന സംഗതികളെപ്പറ്റിമാത്രമേ ഉപചോദ്യങ്ങൾ ചോദിക്കാൻ പാടുള്ളൂ എന്നുമാണ് എനിക്കു പ്രസ്താവിക്കുവാനുള്ളതു്.

QUESTIONS AND ANSWERS.

റേഷൻ കടകൾ.

13 MR. E. P. PAULOSE (*Muvattupuzha III—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) റേഷൻ കടകൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർ കച്ചവടക്കാരന്റെ കണക്കുകളും റേഷൻ വാങ്ങുന്ന ആളുകളുടെ റേഷൻ കാർഡുകളുമായി ഒത്തുനോക്കുന്ന പതിവുണ്ടോയെന്നും എല്ലാവരും അവരുടെ കാർഡനുസരിച്ചുള്ള റേഷൻ വാങ്ങുന്നുണ്ടായെന്നും ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ?

(ബി) പലരും കാർഡനുസരിച്ചുള്ള റേഷൻ വാങ്ങുന്നില്ലെന്നുള്ള വിവരം ഗവൺമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

(സി) പല റേഷൻ കടക്കാരും റേഷൻ വാങ്ങാത്തവരുടെ കാർഡനുസരിച്ച ചില്വറ വെഴുതി 'ബ്ലാക്ക് മാർക്കറ്റു്' നടത്തിവരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI (*Prime Minister*): (a) Yes.

(b) It has come to the notice of Government that certain card holders do not purchase their rations.

(c) A few cases have come to the notice of Government and exemplary punishment has been awarded.

LIBRARY ARCHIVES Kerala Legislative Assembly